**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4776** **20-07-2022 - ൽ മറുപടിയ്ക്ക്**

**ആറ്റിങ്ങൽ മണ്ഡലത്തിലെ റോഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡുകൾ ഏതെല്ലാമാണ്; ഓരോ റോഡിന്റെയും നീളം,വീതി,നിലവിലെ അവസ്ഥ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (എ) | ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിലെ റോഡുകൾ സംബന്ധിച്ചും, കേരള റോഡ് ഫണ്ട് ബോർഡിന് കീഴിൽ നടന്നുവരുന്ന പ്രവൃത്തികൾ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.<br>പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന് കീഴിൽ ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ 11.75 കി.മീ. ദൂരം ദേശീയപാത ആണ് ഉള്ളത് (കല്ലമ്പലം മുതൽ മാമം പാലം വരെ.) ഇതിൽ കല്ലമ്പലം (525/400) മുതൽ പൂവമ്പാറ (532/600) വരെയുള്ള 7.2 കി.മീ ദൂരം നിലവിൽ 2 വരിപ്പാതയാണ്. 10.50 മീ. മുതൽ 12.00 മീ. വരെ വീതിയുണ്ട്. റോഡ് ഗതാഗതയോഗ്യമാണ്.<br>പൂവമ്പാറ (532/600) മുതൽ മൂന്ന് മുക്ക് വരെ 3 കി.മീ. ദൂരം 4 വരിപ്പാതയാണ്. 13.00-14.00 മീറ്റർ വീതിയുണ്ട്. മൂന്ന് മുക്ക് മുതൽ മാമം പാലം വരെ (535/600 മുതൽ 537/150) 1.55 കി.മീ. ദൂരം 2 വരിപ്പാതയാണ് (11.00 - 12.00 മീറ്റർ വീതിയുണ്ട്). |

സെക്ഷൻ ഓഫീസർ